# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

## പ്രസിദ്ധീകരണത്തിന്

തിരുവനന്തപുരം
നമ്പർ.55/ആർ 1/2021/KDRB 19.01.2021

<u>പത്രക്കുറിപ്പ്</u>

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സ്ട്രോങ് റൂം ഗാർഡ് തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള ശാരീരിക അളവെടുപ്പും കായികക്ഷമത പരീക്ഷയും 2021 ജനുവരി 28,29,30, ഫെബ്രുവരി 1,2,3,4 തീയതികളിൽ രാവിലെ 6 മണി മുതൽ തിരുവനന്തപുരം പള്ളിപ്പുറത്തുള്ള CRPF ക്യാമ്പ് ഗ്രൗണ്ടിൽ വച്ച് നടക്കും. ഷെഡ്യൂൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. ഉദ്യോഗാർത്ഥികൾക്കുള്ള മെമോ തപാൽ വഴി അയച്ചിട്ടുണ്ട് . 24.01.2021 വരെ മെമോ ലഭിക്കാത്തവർ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. **കായികക്ഷമത പരീക്ഷയ്ക്ക് ഹാജരാവുന്നവർ പരീക്ഷ സമയത്തിന് 48 മണിക്കൂറിനുള്ളിൽ പരിശോധന നടത്തി ലഭിച്ച കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരെ ഒരു കാരണവശാലും ശാരീരിക അളവെടുപ്പിനോ കായികക്ഷമത പരീക്ഷയ്ക്കോ പങ്കെടുപ്പിക്കുന്നതല്ല.**

സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്